"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.ജി. ശ്രീജിത്തിന് ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.260/2022/F&WLD തീയതി,തിരുവനന്തപുരം, 16-06-2022.

---

പരാമർശം:-

1. ശ്രീ.ജി.ശ്രീജിത്ത് സമർപ്പിച്ച 31.05.2021 ലെ അപേക്ഷ.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.12.2021, 18.05.2022 തീയതികളിലെ ഇ7-4804/2021 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ജി. ശ്രീജിത്തിന്, ട്രെയിൻ യാത്രക്കിടെ ട്രെയിനിൽ നിന്നും വഴുതി വീണ് ഇടതുകാലിന്റെ ആംഗിൾ ജോയിന്റ് ഇരുവശവും ഒടിയുകയും ഒന്നിൽ കൂടുതൽ പൊട്ടലുകൾ ഉണ്ടാവുകയും അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാവുകയും ചെയ്തതിനെ തുടർന്ന്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ തുടരാൻ ശാരീരിക അവസ്ഥകൾ അനുവദിക്കുന്നില്ലെന്നും ആയതിനാൽ നിലവിലെ ശമ്പളം നിലനിർത്തി കൊണ്ട് ടിയാന് ക്ലറിക്കൽ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്നുമാവശ്യപ്പെട്ട് മെഡിക്കൽ രേഖകൾ സഹിതം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീ. ശ്രീജിത്തിന് ഫീൽഡ് ജോലികൾ ചെയ്യുന്നതിനും പരിശീലനം പൂർത്തിയാക്കുന്നതിനും സാധിക്കാത്ത അവസ്ഥയാണെന്നും ആയതിനാൽ ടിയാന്റെ തസ്തിക മാറ്റത്തിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. ശ്രീജിത്ത് ഹാജരാക്കിയിട്ടുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം ടിയാന്റെ ഡിസെബിലിറ്റി not likely to improve എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലിനോക്കുന്ന ശ്രീ. ജി. ശ്രീജിത്തിന്, The Right of Persons with Disabilities Act, 2016 ന്റെ സെക്ഷൻ 20 (4) ന്റെ

ആനുകൂല്യം നൽകി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിൽ ലഭിക്കുന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ച കൊണ്ട്, ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ഈ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതലേ പ്രാബല്യത്തിൽ വരികയുള്ളു എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം അനുവദിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ.ജി. ശ്രീജിത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 16-06-2022 16:40:53**
സെക്ഷൻ ഓഫീസർ.